കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിൽ 'നിറവ്' പദ്ധതി പ്രകാരം മൃഗസംരക്ഷണവകുപ്പ് കിടാരി വളർത്തൽ പദ്ധതിയാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി 13.6 ലക്ഷം രൂപ സഹായധനമായി നൽകിക്കൊണ്ട് 40 കിടാരിവളർത്തൽ യൂണിറ്റുകൾ നടപ്പിലാക്കുന്നു.

- വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം നിയോജകമണ്ഡലങ്ങളിലെ വീടുകളിൽ പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പച്ചക്കറിവിത്ത് പായ്ക്കറ്റുകളുടെ വിതരണം, പച്ചക്കറി തൈകളുടെ വിതരണം, തരിശു ഭൂമിയിലേക്ക് പച്ചക്കറികൃഷി വ്യാപനം, കിഴങ്ങുവർഗ്ഗവിള കിറ്റുകളുടെ വിതരണം, ഫലവൃക്ഷത്തൈകളുടെ വിതരണം, ടിഷ്യൂകൾച്ചർ വാഴകളുടെ വിതരണം എന്നിവ നടത്തുകയുണ്ടായി.

- ഉപഭോക്താക്കൾക്ക് ന്യായവിലയിൽ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ചില്ലറ വില്പനശാല പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നാദാപുരം, പേരാമ്പ്ര എന്നീ നിയോജക മണ്ഡലങ്ങളിൽ ചില്ലറ വില്പനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പരിശോധിക്കുന്നതാണ്.

## കൃഷി-മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകളിലെ ജൈവ കൃഷി

209 (1676) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി-മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകളിൽ ജൈവകൃഷി പ്രോൽസാഹിപ്പിക്കുവാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി ഫാമുകളിൽ പശുവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഫാമുകളിൽ ജൈവവളങ്ങളും ജൈവ കീടനാശിനികളും മാത്രം ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

### <u>ഉത്തരം</u>

(എ) കൃഷി വകുപ്പിന്റെ ഫാമുകളിൽ ജൈവ രീതിയിൽ മാത്രമെ കൃഷി ചെയ്യാവൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വെർമി കമ്പോസ്റ്റ് ഉൽപാദിപ്പിക്കാത്ത ഫാമുകളിൽ വെർമി കമ്പോസ്റ്റ് നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മൃഗസംരക്ഷണ വകുപ്പിലെ പശുവളർത്തൽ ഫാമുകളിൽ ചാണകം, സ്ലറി (വെള്ളം, ഗോമൂത്രം) എന്നിവ പുൽകൃഷി ചെയ്യുന്നതിനായി ഉപയോഗിക്കുന്നു. ആയതിലേക്കായി ഫാമുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

സംസ്ഥാനത്തെ കൃഷി ഫാമുകൾ ശാക്തീകരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി 23-12-2013-ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടേയും സെക്രട്ടറിമാരുടേയും എല്ലാ ഫാം ഓഫീസർമാരുടേയും കാർഷികോല്പാദന കമ്മീഷണർ ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥരുടേയും ഒരു യോഗം ബഹു. കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ കൃഷി ഫാമുകളിലും കുറഞ്ഞത് 10 പശുക്കളെങ്കിലുമുള്ള ഉള്ള കാറ്റിൽഫാം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മൃഗസംരക്ഷണ വകുപ്പിൽ 4 പശുവളർത്തൽ കേന്ദ്രങ്ങൾ നിലവിലുണ്ട്. കൂടാതെ കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിൽ കേരളത്തിലെ നാടൻ കന്നുകാലികളെ വളർത്തുന്നതിനും അവയുടെ സംരക്ഷണവും ലക്ഷ്യമാക്കി മൃഗസംരക്ഷണ വകുപ്പിന്റെ ചുമതലയിൽ തുടങ്ങുന്ന ഫാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

(സി) മണ്ണ് പരിശോധന ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്തി ഓരോ കൃഷിക്കും അനുയോജ്യമായ ജൈവ വളങ്ങളും ആവശ്യമായ ജൈവ കീടനാശിനികളും ഉപയോഗിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പിലെ പശു വളർത്തൽ ഫാമുകളിൽ ചാണകം, സ്ലറി (വെള്ളം, ഗോമൂത്രം) എന്നിവ ഉപയോഗിച്ചാണ് പുൽകൃഷിയും അനുബന്ധമായി പച്ചക്കറി കൃഷിയും ചെയ്യുന്നത്. ആയതിലേക്കായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രധാന ഫാമുകളിൽ എല്ലാം അഗ്രികൾച്ചർ ഓഫീസർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

കൃഷി വകുപ്പിന്റെ ഓരോ ഫാമുകളിലെയും വിളകളുടെ അടിസ്ഥാനത്തിൽ ജൈവ വളത്തിന്റെയും കീടനാശിനികളുടേയും ആവശ്യകത നിർണ്ണയിച്ച് ഫാമിൽത്തന്നെ വെർമി കമ്പോസ്റ്റ് നിർമ്മിക്കുവാനും മറ്റു ജൈവ വളങ്ങളും ജൈവ കീടനാശിനികളും വാങ്ങി ഉപയോഗിക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളിലെല്ലാം അവിടെനിന്നും ലഭിക്കുന്ന ജൈവവളമുപയോഗിച്ചുള്ള കൃഷി നടത്തിവരുന്നുണ്ട്. അത് കഴിയുന്നത്ര കൂടുതൽ സ്ഥലത്ത് വ്യാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

## ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

210 (1077) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly